# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2982** — **22.06.2012- ൽ മറുപടിക്ക്**

## കൃഷി വകുപ്പിന്റെ ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ കീഴിൽ കർഷകർ, കർഷക തൊഴിലാളികൾ എന്നിവർക്ക് വേണ്ടി കൃഷി വകുപ്പ് നേരിട്ടും മറ്റ് ഏജൻസികൾ മുഖേനയും നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ 13,713 നെൽ കർഷകർക്ക് കിസാൻ അഭിമാൻ പദ്ധതി പ്രകാരം പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു. 13.2.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) 26/12/കൃഷി പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് 400/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; | (ബി) കിസാൻ അഭിമാൻ പദ്ധതി പ്രകാരം, അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 25,000/- രൂപ വീതം ധന സഹായം നൽകി വരുന്നു. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗം മരണമടഞ്ഞാൽ പെൻഷന്റെ പകുതി തുക ഒരു ആശ്രിതന് (ഭാര്യ/ഭർത്താവ്/അവിവാഹിരായ മക്കൾ) കുടുംബ പെൻഷനായി നൽകുന്നതാണ്. |
| (സി) ഈ വർഷം ഓരോ പദ്ധതിക്കും നീക്കി വച്ചിട്ടുള്ള തുക എത്ര; നാളിതു വരെ എന്തു തുക ചെലവഴിച്ചു? | (സി) ഈ വർഷം കർഷക പെൻഷൻ നൽകുന്നതിനു വേണ്ടി 2401-00-800-31 നോൺ പ്ലാൻ ശീർഷകത്തിൽ 0,01 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ